

# എമ്മാവൂസ് വചനദൂത്

## ജീവിതം അനുഗ്രഹമാക്കിയവൾ

### സെപ്തംബർ 8

ഇന്ന് സെപ്തംബർ 8, മാതാവിന്റെ ജനനത്തിരുനാൾ. എല്ലാവർക്കും തിരുനാളിന്റെ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ ആശംസിക്കുന്നു. പരിശുദ്ധ അമ്മയുടെ ജനനം നമ്മോടു പറയുന്നത് ഓരോ ജനനവും ഓരോ അനുഗ്രഹമായിട്ട് മാറണം എന്നാണ്. പരിശുദ്ധ അമ്മയുടെ ജീവിതം മുഴുവൻ അനേകർക്ക് അനുഗ്രഹമായി മാറുകയായിരുന്നു.

ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട്, യൊവാക്കിമിന്റെയും അന്നയുടെയും മകളായി ജനിച്ച പരിശുദ്ധ അമ്മ ഹൃദയവിശുദ്ധിയിലും ജീവിത വിശുദ്ധിയിലും ജീവിച്ചവളായിരുന്നു. അതിനാലാണ് പരിശുദ്ധ അമ്മ പറയുക; “എന്റെ ആത്മാവ് കർത്താവിന് മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.” വിശുദ്ധിയായിരുന്നു പരിശുദ്ധ അമ്മയെ ദൈവപുത്രന്റെ അമ്മയാകാൻ തിരഞ്ഞെടുത്തതിൽ ഏറ്റവും സുപ്രധാന ഘടകം.



ഫാ. ആൻജോ കാരപ്പിള്ളി

ആദ്യസക്രാരിയായ പരിശുദ്ധ അമ്മ ഈ തിരുനാൾ ദിനത്തിൽ നമ്മോടു പറയുക ഒരു കാര്യമാണ്. “വിശുദ്ധിയിൽ ജീവിക്കുക, വി. കുർബാനയായി വരുന്ന ഈശോയെ വിശുദ്ധിയുള്ള ഹൃദയത്തിൽ സ്വീകരിച്ച് അപരർക്ക് അനുഗ്രഹമായി മാറുക.” വി. യൗസേപ്പിനെ നാം ഭാഗ്യപ്പെട്ട മരണത്തിന്റെ മദ്ധ്യസ്ഥനായി വണങ്ങാറുണ്ട്. എന്നാൽ പരിശുദ്ധ കന്യകാമറിയം ഭാഗ്യപ്പെട്ട ജനനത്തിന്റെ മദ്ധ്യസ്ഥയാണ്. കാരണം ദൈവം തന്റെ പുത്രനുവേണ്ടി നിർമ്മിച്ച പുണ്യസക്രാരിയാണ് പരിശുദ്ധ കന്യകാമറിയം. തന്റെ ജനനം മുതൽ ജീവിതാവസാനം വരെ ദൈവത്തിന്റെ വാക്കുകൾക്ക് കാതോർത്തവളായിരുന്നു പരിശുദ്ധ അമ്മ. ദൈവദൂതന്റെ മുമ്പിൽ തല

കുമ്പിട്ട് “ഇതാ കർത്താവിന്റെ ദാസി” എന്നരുളിയ മൂന്ന് വാക്കുകൾ അവളെ ഈ ലോകത്തിന് അനുഗ്രഹമാക്കി മാറ്റുകയായിരുന്നു.

ഒരു അമ്മ തന്റെ മകൾക്ക് അനുഗ്രഹമായിത്തീർന്ന കഥ ഈ സമയം ഓർത്തുപോകുന്നു. റിയ എന്ന പേരുള്ള പെൺകുട്ടി, അവൾക്ക് അമ്മയില്ല, അപ്പച്ചനാണ് ചെറുപ്പം മുതലേ അവളെ വളർത്തിക്കൊണ്ടുവന്നത്. അവൾക്കുവേണ്ടി അയാൾ തന്റെ ജീവിതം മുഴുവൻ മാറ്റിവച്ചു.

റിയ വളർന്നു, വലിയ കുട്ടിയായി, വിവാഹപ്രായമായി. അവൾക്ക് തന്റെ അപ്പച്ചനെ വിട്ടുപിരിയാൻ സാധിക്കാത്ത അവസ്ഥയിലായിരുന്നു. അങ്ങനെ റിയയ്ക്കു വേണ്ടിയുള്ള പെണ്ണുകാണൽ ചടങ്ങ്. അവളുടെ അപ്പച്ചൻ അവളെക്കുറിച്ച് എല്ലാക്കാര്യങ്ങളും അവളെ കാണാൻ വന്ന ചെറുക്കനോട് പറഞ്ഞിരുന്നു. പെണ്ണുകാണൽ ചടങ്ങ് കഴിഞ്ഞ് ചെറുക്കൻ റിയയോട് വ്യക്തിപരമായി സംസാരിക്കുന്നതിനിടയിൽ റിയയോട് ചോദിച്ചു; “നിനക്ക് ഈ ലോകത്തെ മനുഷ്യരിൽ ഏറ്റവും കൂടുതൽ ഇഷ്ടം ആരോടാണ്?” അവൾ തന്റെ അപ്പച്ചന്റെ പേര് പറയും എന്നോർത്താണ് അയാൾ അങ്ങനെ ചോദിച്ചത്. പക്ഷെ അവളുടെ ഉത്തരം മറ്റൊന്നായിരുന്നു. അവൾ പറഞ്ഞു, “എന്റെ അമ്മ, അമ്മയാണ് എന്റെ എല്ലാം, അമ്മയില്ലെങ്കിൽ ഞാനില്ല.” റിയ ഇങ്ങനെ പറയാൻ കാരണം മറ്റൊന്നുമല്ല. റിയ തന്റെ അമ്മയുടെ ഉദരത്തിൽ ആയിരുന്ന സമയത്തു തന്നെ ഡോക്ടർ പറഞ്ഞിരുന്നു; ‘കുട്ടിയുടെ അവസ്ഥ അപകടത്തിലാണ്. മുന്നോട്ടു പോകുന്ന പക്ഷം ഒന്നുകിൽ കുഞ്ഞ്, അല്ലെങ്കിൽ അമ്മ, ആരെങ്കിലും ഒരാൾ നഷ്ടമാകും.’ പക്ഷെ ആ അമ്മ പതറിയില്ല. അവൾ മുന്നോട്ടു പോയി. തന്റെ കുഞ്ഞിന്റെ ജനനം ഈ ലോകത്തിന് ഒരു അനുഗ്രഹമായി മാറുവാൻ ആ അമ്മ അതിയായി ആഗ്രഹിച്ചു. ആ അമ്മ തന്റെ ജീവിതം തന്നെ തന്റെ കുഞ്ഞിനായി നൽകി ഈ ലോകത്തോട് യാത്ര പറഞ്ഞു. ഈ കാര്യം തന്റെ കുഞ്ഞ് ഒരിക്കലും അറിയരുത് എന്ന് തന്റെ ഭർത്താവിനോട് നേരത്തെ പറഞ്ഞിരുന്നുവെങ്കിലും റിയ വളർന്നപ്പോൾ അവൾ അത് കണ്ടുപിടിച്ചു. അന്ന് തൊട്ട് അവൾ പറയും “അമ്മ” എന്ന രണ്ടക്ഷരങ്ങൾക്ക് അർത്ഥം നൽകിയത് എന്റെ അമ്മയാണ്.

ഈ ലോകത്തിനു മുഴുവൻ അനുഗ്രഹമായി മാറാൻ ആ അമ്മയ്ക്ക് കഴിഞ്ഞില്ലെങ്കിലും തന്റെ സ്വന്തം മകൾക്ക് അനുഗ്രഹമായി മാറാൻ, അതുവഴി ആ മകൾ മറ്റുള്ളവർക്ക് അനുഗ്രഹമായി മാറാനുള്ള പ്രചോദനം നൽകുന്നതിൽ ആ അമ്മ വിജയിച്ചു. നമ്മുടെയൊക്കെ കുടുംബങ്ങളിലും ഓരോ ജനനവും അനുഗ്രഹമായിട്ട് മാറണം. വി. ലൂക്കായുടെ സുവിശേഷത്തിൽ 1,28-ൽ ദൂതൻ മറിയത്തെ “ദൈവകൃപ നിറഞ്ഞവളേ” എന്ന് അതിസംബോധന ചെയ്തതുപോലെ നാമോരോരുത്തരും അതിസംബോധന ചെയ്യപ്പെടണം. കാനായിലെ കല്യാണനാളിൽ അനുഗ്രഹമായിത്തീർന്ന അമ്മ, അവസാനം കാൽവരിയിലെ കുരിശിൻ ചുവട്ടിൽ പതറാതെ നിന്ന് ഈ ലോകത്തിന് മുഴുവൻ അനുഗ്രഹമായിമാറുകയായിരുന്നു. ഈ അമ്മയോട് നമുക്ക് പ്രാർത്ഥിക്കാം. “ഞങ്ങളുടെ കൊച്ചു ജീവിതങ്ങളേയും അനേകായിരങ്ങൾക്ക് അനുഗ്രഹമാക്കി മാറ്റണമേ.” ◆

